# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 02/25 (224th) Meeting of the Syndicate held on 18.02.2025 at 11.00 a.m at University Head Quarters, Kalady

## Members Present:

1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി - ഒപ്പ്
   വൈസ് ചാൻസലർ, അദ്ധ്യക്ഷ
2. ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം - ഒപ്പ്
3. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. ഓമന പി. വി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ശിവദാസൻ. പി , സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ടി. മിനി, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. പി. വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
10. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ശ്രീ. ആർ. അജയൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം - ഒപ്പ്
13. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

05.02.2025-ാം തീയതിയിലെ 223-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സംസ്കൃത ന്യായ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡോ. ടി. ആര്യാദേവി അനുസ്മരണവും എൻഡോവ്മെന്റ് പ്രഭാഷണവും 2025 ഫെബ്രുവരി 05 ന് കാലടി മുഖ്യ ക്യാമ്പസിൽ നടത്തി.
2. സെന്റർ ഫോർ ഡിസാസ്റ്റർ സ്റ്റഡീസും, ജ്യോഗ്രഫി വിഭാഗവും കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡുമായി സഹകരിച്ച് Global Warming and Local Ecosystem എന്ന വിഷയത്തിൽ 2025 ഫെബ്രുവരി 11 -ാം തീയതി ഏകദിന സെമിനാർ സംഘടിപ്പിച്ചു.
3. സർകലാശാലാ ക്യാമ്പസ് യൂണിയൻ കലോത്സവം 'എക്ലധാരി' 2025 ഫെബ്രുവരി 12, 13, 14 തീയതികളിലായി കാലടി ക്യാമ്പസിൽ വച്ച് നടന്നു.
4. സർവകലാശാലയുടെ തിരൂർ പ്രാദേശിക ക്യാമ്പസിൽ 'മലയാളം ഭാഷാ ജീവിതങ്ങൾ' എന്ന വിഷയത്തിൽ 2025 ഫെബ്രുവരി 18, 19, 20 തീയതികളിൽ ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.
5. സർവകലാശാലയിലെ പ്ലെയ്സ്മെന്റ് സെൽ, എംപ്ലോയ്മെന്റ് സെൽ, എംപ്ലോയ്മെന്റ് ഇൻ ഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ, കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 20-ാം തീയതി കാലടി മുഖ്യ ക്യാമ്പസിൽ ജോബ് ഫെയർ 'പ്രയുക്തി' സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

പന്മന പ്രാദേശിക കേന്ദ്രത്തിൽ 2025 അധ്യയന വർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച്. (No. 00009/ACDB1/SSUS/2025(1)

17.02.2025 തീയതിയിലെ അക്കാദമിക്ക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് കഴിഞ്ഞ വർഷം നോട്ടിഫൈ ചെയ്ത എല്ലാ യു.ജി, പി.ജി, പ്രോഗ്രാമുകൾക്കും പുറമെ 20 സീറ്റുകളുള്ള Diploma in Translation and Office Proceedings in Hindi എന്ന പ്രോഗ്രാം കൂടി അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 3

കൊയിലാണ്ടി പ്രാദേശിക കേന്ദ്ര SFI യൂണിറ്റ് കമ്മിറ്റി വിവിധ കോഴ്സുകൾ പുനരാരംഭിക്കുന്നതിനും, നിലവിലുള്ള കോഴ്സുകൾ നിലനിർത്തുന്നതിനും, പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്. ( No. 00109 /ACDB1 /SSUS /2025(1))

17.02.2025 തീയതിയിലെ അക്കാദമിക്ക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് കഴിഞ്ഞ വർഷം നോട്ടിഫൈ ചെയ്ത എല്ലാ യു.ജി പ്രോഗ്രാമുകളും, ഫിലോസഫി ഒഴികെയുള്ള പി.ജി പ്രോഗ്രാമുകളും ഈ വർഷവും നോട്ടിഫൈ ചെയ്യാൻ തീരുമാനിച്ചു. കൂടാതെ FYUGP ബി.എ സാഹിത്യം, ബി.എ ഉറുദു എന്നീ പ്രോഗ്രാമുകളും തുടങ്ങുവാൻ തീരുമാനിച്ചു.

## Item No. 4

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ MA/BA കോഴ്സുകൾ പുനരാരംഭിക്കുന്നതിനും, BAB.Ed കോഴ്സ് അനുവദിക്കുന്നതും സംബന്ധിച്ച്. (No. 00291/ACDB1/SSUS/2025(1))

17.02.2025 തീയതിയിലെ അക്കാദമിക്ക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് കഴിഞ്ഞ വർഷം നോട്ടിഫൈ ചെയ്ത എല്ലാ പി.ജി പ്രോഗ്രാമുകൾക്കും പുറമെ പി.ജി സംസ്കൃത സാഹിത്യം, FYUGP വേദാന്തം എന്നീ പ്രോഗ്രാമുകൾ കൂടി തുടങ്ങുവാൻ തീരുമാനിച്ചു.

## Item No. 5

പയ്യന്നൂർ പ്രാദേശിക കേന്ദ്രം സംസ്കൃത വ്യാകരണ വിഭാഗം, വേദാന്ത വിഭാഗം ടീച്ചർ ഇൻ ചാർജ് - മാർ, Parent Teacher Association, Campus Union പ്രതിനിധികൾ എന്നിവർ സമർപ്പിച്ച വിവിധ ആവശ്യങ്ങൾ സിൻഡിക്കേറ്റ് പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00393/ ACDB1/ SSUS/ 2025(1)

17.02.2025 തീയതിയിലെ അക്കാദമിക്ക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് കഴിഞ്ഞ വർഷം നോട്ടിഫൈ ചെയ്ത എല്ലാ യു. ജി, പി.ജി പ്രോഗ്രാമുകൾക്കും പുറമെ പി.ജി വേദാന്തം, വ്യാകരണം, ഹിസ്റ്ററി,ഫിലോസഫി എന്നീ പ്രോഗ്രാമുകൾ കൂടി തുടങ്ങുവാൻ തീരുമാനിച്ചു.

## Item No. 6

01.08.2024 തീയതിയിൽ കൂടിയ ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ ഗവേണിംഗ് കൗൺസിലിന്റേയും അക്കാദമിക് കമ്മറ്റിയുടെയും സംയുക്ത യോഗത്തിന്റെ യോഗ തീരുമാനങ്ങളും 2024-25 സാമ്പത്തിക വർഷത്തെ ബജറ്റും കർമ്മ പദ്ധതികളും അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No.02889/ISSS1/ SSUS/2024(1))

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ ഗവേണിംഗ് കൗൺസിലും അക്കാദമിക് കമ്മറ്റിയും അംഗീകരിച്ച പദ്ധതികൾ പരിശോധിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

2024-25 സാമ്പത്തിക വർഷം നടത്തിയ വിവിധ പരിപാടികളുടെ ബജറ്റ് തുകയായ 38000/- രൂപയും, ഈ സാമ്പത്തിക വർഷം നടത്താനുള്ള പരിപാടികളുടെ ബജറ്റ് തുകയായ 1,92,300/- രൂപയും, വെബ്സൈറ്റ്, ഓഫീസ് അസിസ്റ്റന്റിന്റെ അലവൻസ്, മറ്റ് ചിലവുകൾ തുടങ്ങിയ ഇനങ്ങളിലെ ബജറ്റ് വിഹിതമായ 95000/- രൂപയും ചേർത്ത് മൊത്തം 3,25,300/- രൂപ അംഗീകരിക്കാനും അപ്രകാരം തുക വകയിരുത്താനും തീരുമാനിച്ചു.

# ADDITIONAL AGENDA

## Item No. 1

സർവകലാശാലയിൽ Integrated Teacher Education Programme തുടങ്ങുന്നത് സംബന്ധിച്ച്-
(No. 03547 ACDB*1*/SSUS/2023)

ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമിന്റെ കീഴിൽ 50 സീറ്റുള്ള BA/B.Ed കോഴ്സ് സർവകലാശാലയിൽ ആരംഭിക്കുന്നതിനായി NCTE യിൽ നിന്നും Letter of Intent (LOI) ലഭിച്ച സാഹചര്യത്തിൽ താഴെ കൊടുത്തിരിക്കുന്ന നടപടികൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചു.

1. എഡ്യൂക്കേഷനിൽ PhD യോഗ്യതയുള്ള ഒരാളെ നിയമാനുസൃതമുള്ള നടപടികളിലൂടെ കണ്ടെത്തി Head of Department ആയി നിയമിക്കാൻ തീരുമാനിച്ചു.
2. M.Ed with NET യോഗ്യതയുള്ള രണ്ട് പേരെ കൂടി അധ്യാപകരായി നിയമിക്കാനും ടി മൂന്ന് പേരെയും ഉൾപ്പെടുത്തി Education Department രൂപീകരിക്കാനും തീരുമാനിച്ചു യോഗ്യതയുള്ളവർ സർവകലാശാലയിൽ ഉണ്ടെങ്കിൽ അവരെ ചുമതലപ്പെടുത്തി

ഡിപ്പാർട്ട്മെന്റ് രൂപീകരിക്കാനും ഇല്ലെങ്കിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനും തീരുമാനിച്ചു.

3. താഴെ കൊടുത്തിരിക്കുന്ന പ്രകാരം വിവിധ വകുപ്പുകളിൽ പ്രോഗ്രാം അനുവദിക്കാൻ തീരുമാനിച്ചു.

   സംസ്കൃതം - 15 സീറ്റ് (3 സീറ്റ് വീതം 5 വകുപ്പുകളിലും)

   ഇംഗ്ലീഷ് - 10 സീറ്റ്

   ഹിന്ദി - 8 സീറ്റ്

   മലയാളം - 8 സീറ്റ്

   സോഷ്യൽ സയൻസ് - 9 സീറ്റ് (ഹിസ്റ്ററി, ജ്യോഗ്രഫി, ഫിലോസഫി, സോഷ്യോളജി, സൈക്കോളജി വിഭാഗങ്ങൾ)

4. Faculty of Science Technology and Education ന്റെ കീഴിൽ Center for Pedagogical Studies ആരംഭിക്കുന്നതിനും സെന്ററിന്റെ ചെയർപേഴ്സൺ ആയി സർവകലാശാലയുടെ Directorate of Programmes and Courses ന്റെ ഡയറക്ടറേയും കോഡിനേറ്ററായി ഡോ. എം.സി അബ്ദുൾ നാസർ- നെയും (അസോസിയേറ്റ് പ്രൊഫസർ മലയാള വിഭാഗം) ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

# OUT OF AGENDA

## Item No. 1

ഓണറേറിയം തുകയിൽ നിന്ന് ഇൻകം ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് -

സർവകലാശാലയിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, മറ്റ് യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നവർക്ക് അനുവദിക്കുന്ന ഓണറേറിയം തുകയിൽ നിന്ന് 10% ഇൻകം ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച 04101/SOACCTS/SSUS/2024(2) നമ്പർ ഉത്തരവ് താൽക്കാലികമായി മരവിപ്പിക്കാനും വിശദമായ പഠനത്തിന് ഫിനാൻസ് കമ്മിറ്റിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 2

യു.ജി, പി.ജി അഡ്മിഷൻ സംബന്ധിച്ച്-

1. ഓരോ സെന്ററിലും ഓൺലൈൻ/ഓഫ് ലൈൻ ആയി പുതിയ Add on Course കൾ ആരംഭിക്കുവാൻ തീരുമാനിച്ചു. പുതിയ സ്കിൽ ഓറിയന്റഡ് Add on course കൾക്കുള്ള പ്രൊപോസൽ അടുത്ത സിൻഡിക്കേറ്റിൽ സമർപ്പിക്കാൻ അക്കാദമിക് & റിസർച്ച് കമ്മിറ്റിയെ ചുമതലപ്പെടുത്തി. സർവകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധം രണ്ടാം സെമസ്റ്റർ മുതൽ Add on Course കൾ ആരംഭിക്കാനും Admission Prospectus ൽ ഈ വിവരം ഉൾപ്പെടുത്താനും തീരുമാനിച്ചു.
2. യു.ജി, പി.ജി അഡ്മിഷനുമായി ബന്ധപ്പെട്ട് 17.02.2025 ന് നടന്ന വകുപ്പദ്ധ്യക്ഷൻമാരുടെ യോഗതീരുമാനങ്ങൾ അംഗീകരിക്കാനും അതു പ്രകാരം പിജി എൻട്രൻസ് സെൻട്രലൈസ്ഡ് ആയി നടത്താനും അഡ്മിഷൻ ഡീ-സെൻട്രലൈസ്ഡ് ആയി നടത്താനും തീരുമാനിച്ചു. കൂടാതെ FYUGP അഡ്മിഷൻ ഡീ-സെൻട്രലൈസ്ഡ് ആയി നടത്താൻ തീരുമാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **രജിസ്ട്രാർ** | **വൈസ് ചാൻസലർ** |